കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 16, ബുധൻ

വാല്യം CXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 21

നിയമസഭ 2003 ജൂലായ് മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു).

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ..... ചോദ്യംനമ്പർ *554.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ/ഉദ്യോഗാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കാൻ നടപടി

1 [*554] ശ്രീ. കെ. രാധാകൃഷ്ണൻ:
,, കെ. പി. സതീശ്ചന്ദ്രൻ:
,, എം. വി. ജയരാജൻ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക്/ഉദ്യോഗാർത്ഥികൾക്ക് പരീക്ഷകളിൽ മത്സരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനുവേണ്ടിയുള്ള സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനത്തിലൂടെ ഇതിനകം എത്രപേർക്ക് സേവനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മുൻസാമ്പത്തിക വർഷം ഈ സ്ഥാപനത്തിനുവേണ്ടി അനുവദിച്ച തുകയിൽ എന്തുതുക ചെലവഴിക്കുകയുണ്ടായി ;

(ഡി) ഈ വർഷം ഇതിനകം എന്തുതുക ചെലവഴിക്കുകയുണ്ടായി ;

(ഇ) ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) പട്ടികജാതി വികസന വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണോ ഈ സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ/ഉദ്യോഗാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുവാൻ സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ മൂന്ന് പി.ഇ.റ്റി.സി.-കൾ (പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ) നിലവിലുണ്ട്. കൂടാതെ കോഴിക്കോട് ആസ്ഥാനമായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനവും സിവിൽ സർവീസ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രൊഫഷണൽ ഡെവലപ്മെന്റ് കോഴ്സിൽ രണ്ടു ബാച്ചുകളിലായി 74 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്, ഇതിനു പുറമെ സർക്കാർ സർവ്വീസിലുള്ള 10 പേർക്ക് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരാഴ്ചത്തെ പരിശീലനവും നൽകിയിട്ടുണ്ട്.

(സി) 2001-2002 വർഷം അനുവദിച്ച 75 ലക്ഷം രൂപയിൽ 2002-2003 വർഷത്തിൽ 50.8 ലക്ഷം രൂപ ചെലവഴിച്ചു.

(ഡി) 6.5 ലക്ഷം രൂപ.

(ഇ) 2002 ജൂലായ് മാസത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ സ്ഥാപനം ശൈശവദശയിൽ ആയതിനാലും പൂർണമായ തോതിൽ പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതിനാലും ഉദ്ദേശലക്ഷ്യങ്ങൾ മുഴുവനായും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ഐ.ഐ.എം. ഉൾപ്പെടെയുള്ള പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രോഗ്രാമുകളിൽ പ്രവേശനം നേടുന്നതിനും സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി നേടുന്നതിനും പരിശീലനം പൂർത്തിയായവരിൽ കുറച്ചുപേർക്ക് സാധിച്ചിട്ടുണ്ട്. വിവിധ മത്സരപരീക്ഷകളിൽ പങ്കെടുത്ത് വിജയം നേടാൻ കഴിയുമെന്ന ആത്മവിശ്വാസം വളർത്തിയെടുക്കാനും, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിക്കുവാനും • കേന്ദ്രത്തിൽ നടത്തിയ പരിശീലന പരിപാടികൾകൊണ്ട് കഴിഞ്ഞിട്ടുണ്ട്.

(എഫ്) അല്ല, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോടിന്റെ നിയന്ത്രണത്തിലാണ് ഇവിടുത്തെ കോഴ്സുകൾ നടത്തുന്നത്. പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള മോണിറ്ററിംഗ് കമ്മിറ്റി ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവിധ കഴിവുകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനം സ്ഥാപിക്കാൻ തീരുമാനം എടുത്തത്. 2001-2002-ൽ ഏകദേശം ഒരു കോടി എഴുപത്തിയഞ്ചു ലക്ഷം രൂപ ഇതിനായി മാറ്റിവയ്ക്കുകയും ചെയ്തു. ആ ഒരു കോടി എഴുപത്തിയഞ്ചു ലക്ഷം രൂപയിൽ അമ്പത് ലക്ഷത്തിയെണ്ണായിരം രൂപ എഴുപത്തിനാല് വിദ്യാർത്ഥികൾക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയിരിക്കുന്നത്. അത് വളരെ യധികമാണ് എന്നാണ് തോന്നുന്നത്. ഒരു കുട്ടിക്ക് ഏകദേശം എഴുപതിനായിരത്തോളം രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. അതുപോലെതന്നെ 2002-2003 സാമ്പത്തിക വർഷത്തിൽ അഞ്ചുകോടി രൂപയാണ് ഈ ആവശ്യത്തിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. ആ അഞ്ചു കോടി രൂപയിൽ ഒരു പൈസപോലും ചെലവഴിച്ചില്ല എന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെ ഈ കുട്ടികളുടെ കഴിവുകൾ വർദ്ധിപ്പിക്കാൻ വേണ്ടി മാറ്റിവച്ച സംഖ്യ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, 2001-2002-ൽ വകയിരുത്തിയ തുകയിൽ നിന്ന് കൊടുത്തത് എഴുപത്തിയഞ്ചു ലക്ഷം രൂപയാണ്. കോഴ്സ് ആരംഭിച്ചപ്പോൾ പേപ്പറിൽ പരസ്യം കൊടുത്തിരുന്നു. ഓരോ ബാച്ചിലും അറുപത്തിയഞ്ചിലധികം വിദ്യാർത്ഥിക ളെയാണ് ആവശ്യപ്പെട്ടിരുന്നത്. പക്ഷേ സെലക്ഷൻ വന്നപ്പോൾ യഥാർത്ഥത്തിൽ ഉദ്ദേശിച്ചത്ര വിദ്യാർത്ഥികളെ കിട്ടിയില്ല. മുപ്പതും, മുപ്പത്തിനാലുമായിട്ട് അറുപത്തി നാല് വിദ്യാർത്ഥികൾ മാത്രമെ കിട്ടിയുള്ളൂ രണ്ടു ബാച്ചുകളിലായിട്ട്. ക്വാളിറ്റി നിലവാര മുള്ളവർ കിട്ടാതെ വന്നപ്പോൾ സ്വാഭാവികമായും അവർ തഴയപ്പെട്ടുപോകുന്നുണ്ട്. മിനിമം മാർക്കുള്ളവരെ എടുക്കാൻ ബുദ്ധിമുട്ട് ഉണ്ട്. ഒരു ബാച്ചിൽ അറുപത് പേരെ ഉദ്ദേശിച്ചു വെങ്കിൽപോലും രണ്ട് ബാച്ചിലായിട്ടേ അത് പൂർത്തിയായിട്ടുള്ളൂ. സ്ഥാപനം കൃത്യമായി അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തരുന്നുണ്ട്. ആവശ്യങ്ങൾക്കുവേണ്ടിയാണ് അവർ തുക ചെലവഴിച്ചിരിക്കുന്നത്. അനാവശ്യമായിട്ട് ഒരു പൈസപോലും ചെലവഴി ച്ചതായി കാണുന്നില്ല, നമുക്ക് സമയാസമയത്ത് ആ സ്ഥാപനം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അയച്ചുതരുന്നുണ്ട്. ഇതുകൂടാതെ കഴിഞ്ഞവർഷം 500 ലക്ഷം രൂപ വകയിരുത്തിയെങ്കിൽപോലും നേരത്തെ കൊടുത്ത തുക മിച്ചമുണ്ടായിരുന്നതുകൊണ്ടാണ് ഈ തുക കൊടുക്കാതിരുന്നത്. ഈ തുക പോരാതെവരികയാണെങ്കിൽ കൊടുക്കണം. കഴിഞ്ഞ വർഷം വച്ചിരുന്ന തുക റീ-അപ്പോപ്രിയേറ്റ് ചെയ്ത് നമ്മൾ വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ലാപ്സ് ആയിട്ടില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സെന്റർ ഫോർ എക്സലൻസിന് ഒരു സെന്റർ സ്ഥാപിക്കാൻ വേണ്ടി ആലുവയിൽ സ്ഥലം കണ്ടെത്താൻ വേണ്ടിയുള്ള നടപടി അന്ന് സ്വീകരിച്ചിരുന്നു. ഇതിന് ഒരു സെന്റർ ഇല്ലാത്തതുകൊണ്ടാണ്, ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങൾക്ക് ഈ പൈസയെല്ലാം ചെലവഴിക്കേണ്ടിവരുന്നത്. അത് മനസ്സിലാക്കി സെന്റർ ഫോർ എക്സലൻസിന് സ്വന്തമായിട്ടുള്ള സ്ഥാപനം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പംതന്നെ ഒരു കാര്യം ചോദിക്കാനുള്ളത്, ഇപ്പോൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്കുവേണ്ടി ചെലവഴിക്കുന്ന സംഖ്യ ഫലപ്രദമായിട്ടാണ് ചെലവഴിക്കുന്നത് എന്നു ഉറപ്പുവരുത്താനുള്ള ഒരു സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: സെന്റർ ഫോർ എക്സലൻസെന്ന സ്ഥാപനത്തിന് സ്ഥിരമായി ഒരു സ്ഥാപനം ഉണ്ടാക്കാൻവേണ്ടി ആലുവയിൽ അങ്ങ് സൂചിപ്പിച്ചതു പോലെ 1.18 ഹെക്ടർ ഭൂമി 18-6-2003-ന് അനുവദിച്ചുകിട്ടിയിട്ടുണ്ട്. അതിന്റെ പ്രാരംഭ നിർമ്മാണ പരിപാടികൾ ആരംഭിച്ചിരിക്കുകയാണ്. ഇതിന് മാറ്റിവച്ച പണം ഒരു പൈസ

LIBRARY ARCHIVES Kerala Legislative Assembly

പോലും പാഴായി പോകാതിരിക്കാനും തെറ്റായി വിനിയോഗിക്കപ്പെടാതിരിക്കാനുമുള്ള എല്ലാ പരിശ്രമവും നടത്തിവരികയാണ്. ഈ സെന്റർ ഫോർ എക്സലൻസാകട്ടെ വകുപ്പുമന്ത്രി ചെയർമാനായും എസ്. സി./എസ്. ടി. വകുപ്പുസെക്രട്ടറി, പ്ലാനിംഗ് സെക്രട്ടറി, ധനകാര്യ വകുപ്പു സെക്രട്ടറി, ഐ. ഐ. എം.-ന്റെ രണ്ടു പ്രതിനിധികൾ, എസ്. സി. ഡയറക്ടർ ഉൾപ്പെടെയുള്ള മോണിറ്ററിംഗ് കമ്മിറ്റി കാലാകാലങ്ങളിൽ യോഗം വിളിച്ചുകൂട്ടി അത് വിലയിരുത്തുന്നുണ്ട്, അതുകൊണ്ട് പണം തെറ്റായ രീതിയിൽ പോകുന്നത് തടയാനുള്ള എല്ലാ സംവിധാനവും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന, എന്നാൽ വിദ്യാഭ്യാസ രംഗത്ത് വലിയ പ്രതിഭ തെളിയിക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ളതാണ് ഈ സംരംഭം. പട്ടികജാതി വകുപ്പിന്റെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ തന്നെ അതിന്റെ പ്രധാനപ്പെട്ട ഉദ്ദേശം പറയുന്നുണ്ട്. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രൊഫഷണൽ സ്ഥാപനങ്ങളിലും പഠിക്കുന്നതിനുവേണ്ടി എസ്.സി./എസ്.ടി. വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ വേണ്ടിയാണ്. ഈ സ്ഥാപനത്തിന്റെ തന്നെ മേൽനോട്ടത്തോടുകൂടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 20 എം.ആർ.എസ്.-കളും ആരംഭിക്കുകയുണ്ടായി. ആ കുട്ടികൾ വിദ്യാഭ്യാസ രംഗത്ത് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. അതുപോലുള്ള സ്ഥാപനങ്ങൾ ഈ രണ്ടു വർഷത്തിനുള്ളിൽ എത്ര ആരംഭിച്ചിട്ടുണ്ടെന്നും ആ രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ ഭാവിയിൽ നടത്താൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സംസ്ഥാനത്ത് ഒട്ടാകെ ഇപ്പോൾ 25 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത്, എന്റെ ഓർമ്മ ശരിയാണെങ്കിൽ, മൂന്ന് സ്കൂളുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. പ്ലെടബൽ മോഡൽ സ്കൂളിനെ സംബന്ധിച്ചിടത്തോളം അതിന്റെ സിംഹഭാഗം ഫണ്ട് കേന്ദ്രഗവൺമെന്റിൽ നിന്ന് തരുന്നുണ്ട്. ഒരു അനുഭവം പറയട്ടെ, ഇവിടെ ഇപ്രകാരമുള്ള 25 സ്കൂളുകൾ ഉണ്ടെങ്കിൽപ്പോലും ആറ് സ്കൂളുകളിൽ നിന്നാണ് ഇക്കുറി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയിരുന്നത്. അതിൽ നാലു സ്കൂളുകളിൽ നൂറ് ശതമാനമായിരുന്നു വിജയം. മാത്രമല്ല ഡിസ്റ്റിംഗ്ഷനും ഉണ്ടായിരുന്നു. രണ്ട് സ്കൂളുകളിൽ 90 ശതമാനം വിജയം ഉണ്ടായിരുന്നു. നല്ല നിലവാരമുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കാൻ ഉദ്ദേശിച്ചുകൊണ്ട് തന്നെയാണ് ഈ സ്കൂളുകൾ ആരംഭിച്ചിരിക്കുന്നത്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: ഇതിനായി നീക്കിവച്ച തുകയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ റിപ്പോർട്ടിൽതന്നെ പറയുന്നത് 2002-2003-ൽ അഞ്ചുകോടി രൂപ ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി അനുവദിച്ചിരുന്നു, ഈ രൂപ പോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലായെന്നാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഭാവിയിൽ ഈ തുക ഏറ്റവും നല്ല നിലയിൽ ചെലവഴിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഡോ. എം. എ. കുട്ടപ്പൻ: കഴിഞ്ഞവർഷം 500 ലക്ഷം രൂപ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് വേണ്ടിയല്ല വകയിരുത്തിയത്. അത് വകയിരുത്തിയത് സ്കൂൾ ഫോർ എക്സലൻസിനു വേണ്ടിയായിരുന്നു. നാം നേരത്തെ കൊടുത്ത 75 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

പൂർണമായി ചെലവഴിച്ചിരുന്നില്ല. ഇപ്പോഴും അവർക്ക് ഏതാനും ലക്ഷം രൂപ മിച്ചമുണ്ട്. അതുകൊണ്ടാണ് അവർക്ക് കൊടുക്കാത്തത്. പൈസ ഉണ്ടായിരിക്കെ വീണ്ടും കൊടുക്കുന്നതിൽ അർത്ഥമില്ല. എങ്കിലും പറയട്ടെ, 500 ലക്ഷം രൂപ റീ-അപ്രോപ്രിയേറ്റ് ചെയ്ത് മറ്റ് ആവശ്യത്തിന് വിനിയോഗിക്കുകയുണ്ടായിട്ടുണ്ട്. നമ്മൾ നഷ്ടപ്പെടുത്തിയിട്ടില്ല.

ശ്രീ. എം. വി. ജയരാജൻ: സർ, അങ്ങ് മോഡൽ സ്കൂളിന്റേതല്ല 500 ലക്ഷം രൂപ എന്ന് പറഞ്ഞു. അത് 1050 ലക്ഷം രൂപയാണ്. അതിൽതന്നെ 724 ലക്ഷം രൂപ ലാപ്സാക്കി. വിദ്യാർത്ഥികളുടെ മൽസരശേഷി, പഠനത്തിനുള്ള കഴിവ് ഇവ ശക്തിപ്പെടുത്തുന്നതിനാണ് ഈ പദ്ധതി. 4 ഇനങ്ങളിലായി പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഐ.ടി.സി., ഐ.ടി.ഐ. ഡിപ്ലോമകൾക്ക് വേണ്ടിയുള്ള സഹായ പ്രവർത്തനങ്ങൾ, ഇൻഫർമേഷൻ കം ഗൈഡൻസ് സെന്റർ, അതുപോലെതന്നെ പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതി ബുക്ക് ബാങ്കുകൾ അതുപോലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഈ ഇനങ്ങളിലായി കഴിഞ്ഞ സാമ്പത്തിക വർഷം എല്ലാംകൂടി 917 ലക്ഷം രൂപ ലാപ്സായിരുന്നു. അത് ലാപ്സാകാനുള്ള കാരണമെന്താണ്; ഇങ്ങനെ കുറ്റകരമായ രീതിയിൽ പണം അനുവദിക്കുകയും ആ തുക വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയാണോ?

ഡോ. എം. എ. കുട്ടപ്പൻ: എം.ആർ.എസ്.-നെ സംബന്ധിച്ചിടത്തോളം അതിന്റെ ഫണ്ട്, ക്യാപ്പിറ്റൽ ഹെഡ് ഓപ്പൺ ചെയ്യുന്നത് പി.ഡബ്ലിയു.ഡി. ആണ്. മരാമത്ത് വകുപ്പാണ് ഫണ്ട് ഓപ്പറേറ്റ് ചെയ്യുന്നതും വർക്ക് നടത്തേണ്ടതും. നമ്മൾ അവരെ ഏല്പിച്ചിരിക്കുകയാണ്. പല കാരണങ്ങളാൽ പബ്ലിക് വർക്കിന്റെ കാര്യത്തിൽ കുറെ ഡിലേ ഉണ്ടായിട്ടുണ്ട്. ഇങ്ങനെയുള്ള ഈ കാരണങ്ങളാൽ ധനകാര്യവകുപ്പിൽ നിന്നും നമ്മൾ ആവശ്യപ്പെട്ടപ്പോൾ കാലതാമസം സംഭവിച്ചിരുന്നു. ഓരോ മാസവും സീലിംഗ് ഉണ്ട്. മന്ത്‌ലി സീലിംഗ് ഉണ്ടെങ്കിൽപ്പോലും ധനകാര്യ സ്ഥിതിയിലുള്ള ബുദ്ധിമുട്ട് കൊണ്ടാണ് പലപ്പോഴും അത് കിട്ടാതെ പോകുന്നത്.

ശ്രീ. എം. വി. ജയരാജൻ: സർ, 100 ശതമാനവും കേന്ദ്രസഹായത്തോടെയുള്ള പദ്ധതിയാണ് പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള പദ്ധതി. 100 ശതമാനവും കേന്ദ്രസഹായമാണ്. 2500 രൂപ വാർഷിക വരുമാന പരിധിയിൽപ്പെട്ട കുടുംബങ്ങളിലുള്ള കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നതിനുമാണ് ഈ പദ്ധതി. കഴിഞ്ഞ വർഷം നമുക്ക് ഈ പദ്ധതിയിനത്തിൽ ഒരു തുകയും കിട്ടിയിട്ടില്ല എന്നുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. എന്തുകൊണ്ടാണ് കേന്ദ്രഗവൺമെന്റിന് മുമ്പാകെ ഈ പദ്ധതി സമർപ്പിച്ച് നമ്മുടെ സംസ്ഥാനത്തിനാവശ്യമായിട്ടുള്ള വിഹിതം നേടിയെടുക്കുന്നതിന് കഴിയാത്തത് എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: അത് പ്രത്യേകം പരിശോധിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, പ്രീ-എക്സാമിനേഷൻ കോച്ചിംഗ് സെന്റർ പാലക്കാട് ജില്ലയിൽ തുടങ്ങുന്നതിന് ജില്ലാ പഞ്ചായത്ത് കെട്ടിടം പണിയുന്നതിനും സ്ഥലം വാങ്ങുന്നതിനും പണം നീക്കിവച്ചിട്ടുണ്ട് എന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി ബഹുമാനപ്പെട്ട മന്ത്രി തന്നെ പ്രോൽസാഹനം നൽകിയിട്ടുണ്ട്. പക്ഷേ, ഇതുവരെ അതിന്റെ പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് എപ്പോഴാണ് പ്രീ-എക്സാമിനേഷൻ കോച്ചിംഗ് സെന്റർ തുടങ്ങാൻ കഴിയുക എന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും പോസിറ്റീവായിട്ടുള്ള ഉത്തരം പ്രതീക്ഷിക്കുകയാണ്.

ഡോ. എം. എ. കുട്ടപ്പൻ: പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ആവശ്യം ബഹുമാനപ്പെട്ട അംഗത്തിൽ നിന്നും ഗവൺമെന്റിന് കിട്ടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റ് തീരുമാനം എടുത്തു. പാലക്കാടുള്ള കുഴൽമന്ദത്ത് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ തുടങ്ങാനുള്ള തീരുമാനം എടുത്തു. ആ തീരുമാനപ്രകാരം, ഒരാഴ്ച മുമ്പാണെന്ന് തോന്നുന്നു ഒരു ജി.ഒ.-യും ഇറക്കിയിട്ടുണ്ട്. ഒന്നുകിൽ തൽക്കാലം വാടക കെട്ടിടം എടുത്തുതരിക. അല്ലെങ്കിൽ കെട്ടിടം പണിതുതരിക. സ്റ്റാഫ് ഉൾപ്പെടെയുള്ള കാര്യത്തിൽ ഉത്തരവായിട്ടുണ്ട്. കെട്ടിടത്തിന്റെ കുറവ് മാത്രമേയുള്ളൂ.

ശ്രീ. എ. കെ. ബാലൻ: സർ, വളരെ നന്ദി. സെന്റർ ഫോർ എക്സലൻസുമായി ബന്ധപ്പെട്ടുകൊണ്ട് 2003-04-ൽ 20 ലക്ഷം രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. ഇത് ഈ ഉദ്ദേശം നിറവേറ്റുന്നതിന് പര്യാപ്തമല്ല. ഈ തുക വർദ്ധിപ്പിക്കുന്നതിനും അതുപോലെ ഐ.ടി.ഐ., ഐ.ടി.സി. ഡിപ്ലോമക്കാർക്ക് സാങ്കേതിക ശാഖകളിൽ അപ്രന്റീസ്ഷിപ്പ് തുടങ്ങുന്നതിനുമുള്ള എന്തെങ്കിലും തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ടോ?

ഡോ. എം. എ. കുട്ടപ്പൻ: ഈ വർഷം സെന്റർ ഓഫ് എക്സലൻസിനുവേണ്ടി 20 ലക്ഷം രൂപയേ വകയിരുത്തിയിട്ടുള്ളൂ എങ്കിൽപ്പോലും കൂടുതൽ തുക ആവശ്യമാണെന്ന് തോന്നുന്ന പക്ഷം അവർ തരുന്ന വിനിയോഗ സർട്ടിഫിക്കറ്റിന്റേയും പ്രോജക്ട് റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ റീ-അപ്രോപ്രിയേറ്റ് ചെയ്ത് കൂടുതൽ പണം കൊടുക്കാവുന്നതേയുള്ളൂ. അതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. മിനിമമായാലും കുഴപ്പമില്ല.

ശ്രീ. കെ. മോഹൻകുമാർ: സർ, പരീക്ഷാ സമ്പ്രദായത്തിൽ അനാവശ്യമായിട്ടുള്ള പല കാർക്കശ്യങ്ങളും കണ്ടുവരുന്നു. അത്യാവശ്യം അല്ലാത്ത അരിത്തമെറ്റിക്സ്, സർവ്വകലാശാല ഗവേഷണ പ്രതിഭകൾക്ക് മാത്രം ശീലിക്കേണ്ട അരിത്തമെറ്റിക്സും ആൾജിബ്രയുമൊക്കെ പരീക്ഷകളിൽ ബോധപൂർവ്വം കൂട്ടിക്കലർത്തി ഒരു നിശ്ചിത നിലവാരത്തിന് അപ്പുറത്തല്ലാത്ത ആളുകൾക്കാർക്കുംതന്നെ ആ പരീക്ഷ കടമ്പകൾ കടക്കാതിരിക്കാനുള്ള ഒരു ഗൂഢാലോചന നടന്നുവരുന്നു. അത് ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പംതന്നെ എക്സലന്റായിട്ടുള്ള ടീച്ചേഴ്സിനെ, പരിശീലനത്തിൽ ഏറ്റവും മികച്ച പെർഫോർമൻസ് കാണിച്ചിട്ടുള്ള ടീച്ചേഴ്സിനെ എൻഗേജ് ചെയ്യിക്കുന്നതിനു വേണ്ടി ഡിപ്പാർട്ടുമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. നോൺ എസ്.സി./എസ്.ടി.-യിൽപ്പെട്ട കുട്ടികളുമായി പലപ്പോഴും കോംപീറ്റ് ചെയ്യാൻ ഈ കുട്ടികൾക്ക് കഴിയാതെ പോകുന്നുണ്ട്. കാരണം വിദ്യാഭ്യാസ പാരമ്പര്യം വളരെ കുറച്ചു കാലത്തേതേയുള്ളൂ. അതുകൊണ്ട് സ്കൂൾ തലത്തിൽ സ്പെഷ്യൽ ട്യൂഷൻ നൽകുന്നുണ്ട്. ഇപ്പോൾത്തന്നെ ധാരാളം കുട്ടികൾക്ക് എഞ്ചിനീയറിംഗിന് അഡ്മിഷൻ കിട്ടുന്നുണ്ടെങ്കിൽപ്പോലും,

LIBRARY ARCHIVES Kerala Legislative Assembly

എത്രയാണോ പട്ടികജാതി കുട്ടികൾക്കുള്ള കാട്ട അത് ഫിൽ ചെയ്യുന്നില്ല. ജോയിൻ ചെയ്യുന്ന കുട്ടികൾപോലും പലപ്പോഴും കോഴ്സ് പൂർത്തിയാക്കാതെ പുറത്ത് പോകുന്നുണ്ട്. ഈ സത്യം ശരിയാണ്. അതുകൊണ്ട് പരമാവധി സ്പെഷ്യൽ ട്യൂഷൻ കൊടുത്തു കൊണ്ടുതന്നെ കോഴ്സ് പൂർത്തിയാക്കാനും പരീക്ഷ പാസ്സാകാനുമുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടുകൂടിയാണ് ഈ സെൻറർ ഓഫ് എക്സലൻസ്.

ശ്രീ. സി. കെ. നാണു: സർ, ബ്ലോക്കുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്.സി./ എസ്.ടി. ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികളുടെ പഠന നിലവാരം കുറവാണെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. അത് വർദ്ധിപ്പിക്കാൻ ഫലപ്രദമായ എന്തുനടപടി സ്വീകരിച്ചു? എസ്. എസ്. എൽ. സി. പാസ്സായ കുട്ടികൾ പ്ലസ് ടു-വിന് പോകുന്ന അവസരത്തിൽ കൂടുതൽ നല്ല നിലയിൽ പഠിക്കാനാവശ്യമായ ട്യൂഷൻ കൊടുക്കാനും; അതുപോലെ ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായ ഒരു പ്രശ്നം പറഞ്ഞു, കോളേജിൽ അഡ്മിഷൻ നേടുന്ന കുട്ടികൾ പോലും കോഴ്സ് മുഴുമുപ്പിക്കുന്നില്ലെന്ന്. ഈ ഗൗരവമായ അവസ്ഥ പരിഹരിക്കാൻ എന്ത് നടപടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നത്?

ഡോ. എം. എ. കുട്ടപ്പൻ: പട്ടികജാതി വകുപ്പിന്റെ കീഴിലുണ്ടായിരുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകൾ ഇപ്പോൾ ബ്ലോക്കുകളുടേയും മുനിസിപ്പാലിറ്റികളുടേയും കീഴിലാണ്. അവിടെ ട്യൂഷന് ആളെ വയ്ക്കേണ്ട ചുമതല ബ്ലോക്ക് പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കുമാണ്. ഡിപ്പാർട്ടുമെന്റിന് അതിൽ നിയന്ത്രണമില്ല. അതിന് പറ്റിയ ആളെ കണ്ടെത്തി ട്യൂഷൻ ഏർപ്പെടുത്തേണ്ടത് പ്രാദേശിക ഗവൺമെന്റുകൾ തന്നെയാണ്. എന്നാൽ ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലിന്റെ ചുമതല ട്രൈബൽ ഡിപ്പാർട്ടുമെന്റിന് തന്നെയാണ്. അവിടെ നേരത്തെ സൂചിപ്പിച്ചതുപോലെയുള്ള സഹായം തേടിക്കൊണ്ട് പരമാവധി സ്പെഷ്യൽ ട്യൂഷൻ കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഡ്രോപ് ഔട്സ് ഉണ്ടാകാതിരിക്കാൻ, കോഴ്സിൽ വന്നാൽ മടങ്ങിപ്പോകാതിരിക്കാൻ നല്ല ഭക്ഷണവും അതുപോലെ പാരന്റസിന് മാസാമാസം പോക്കറ്റ് മണിയും കൊടുക്കുന്നുണ്ട്. അവരെ ഇതിന് പ്രേരിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഹയർ എഡ്യൂക്കേഷനിൽ വരുമ്പോൾ എഞ്ചിനീയറിംഗ് കോഴ്സുകളിൽനിന്നും പുറത്തേക്ക് മടങ്ങിപ്പോകുന്ന ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അത് എങ്ങനെ പരിഹരിക്കാമെന്ന് ഗവൺമെന്റ് ഗൗരവപൂർവം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വർക്കല കഹാർ: സർ, അഖിലേന്ത്യാടിസ്ഥാനത്തിലുള്ള മൽസര പരീക്ഷകളിൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം വളരെ കുറവാണ്. അവർക്ക് ലഭിക്കുന്ന കോച്ചിംഗ് പര്യാപ്തമല്ല എന്നാണ് ഇതിനർത്ഥമെന്ന് എനിക്ക് തോന്നുന്നു: ഈ സാഹചര്യത്തിൽ മെച്ചപ്പെട്ട ലൈബ്രറി സൗകര്യവും അതുപോലെതന്നെ മെച്ചപ്പെട്ട കോച്ചിംഗും അവർക്ക് ലഭിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുക?

ഡോ. എം. എ. കുട്ടപ്പൻ: ഇപ്പോൾത്തന്നെ കേരളത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുണ്ട്. ഇവിടങ്ങളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ബാങ്കിംഗ് സർവീസ്, മറ്റ് പ്രൊഫഷണൽ കോഴ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly

എന്നീ പരീക്ഷകൾക്ക് അവരെ പര്യാപ്തമാക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. അത് പൂർണ്ണമായും വിജയിച്ചു എന്ന് ഞാൻ പറയുന്നില്ല. 1989 മുതൽ തിരുവനന്തപുരത്ത് ഈ വിഭാഗത്തിന് ഐ.എ.എസ്. കോച്ചിംഗ് സെന്ററുണ്ട്. ഇത്രയും വർഷമായി ഒരാൾ പോലും അവിടെ നിന്നും സിവിൽ സർവീസ് പാസ്സായിട്ടില്ല. ഈ വർഷം ആദ്യമായി അജിത് എന്ന ഒരു കുട്ടി സിവിൽ സർവീസ് പരീക്ഷ പാസ്സായി. പി.ഇ.ടി.സി. വഴി നല്ല കോച്ചിംഗ് കൊടുത്തുകൊണ്ട് പരമാവധി വിദ്യാർത്ഥികളെ കോംപീറ്റ് ചെയ്യിക്കുന്നതിനുള്ള ശക്തമായ നടപടികൾ ഗവൺമെന്റ് നടത്തിവരികയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, നിയമസഭയുടെ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമസമിതി വിവിധ വകുപ്പുകളെ സംബന്ധിച്ച് നടത്തിയ പഠനത്തിൽ കേരളത്തിലെ ഉയർന്ന ഉദ്യോഗങ്ങളിലൊന്നുംതന്നെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളില്ല എന്ന് കണ്ടെത്തി. ഇവിടെ എക്സലൻസി കേന്ദ്രങ്ങളാണുള്ളത്. ഉദ്യോഗാർത്ഥികളുടെ മൽസരശേഷി വർദ്ധിപ്പിക്കുവാനുള്ള എക്സലൻസി കേന്ദ്രങ്ങളിൽ 60 കുട്ടികളെ അഡ്മിറ്റ് ചെയ്യുന്നുണ്ട്. അതിൽനിന്നുതന്നെ മനസ്സിലാക്കുന്നത് നമ്മുടെ സംസ്ഥാനത്ത് യോഗ്യരായ ആളുകൾ ഇല്ലാത്ത അവസ്ഥയാണെന്നാണ്. ഇത്തരം യോഗ്യരായ ആളുകളെ വാർത്തെടുക്കുന്നതിനുവേണ്ടി ഫീഡിംഗ് കേന്ദ്രങ്ങൾ ഒന്നാം ക്ലാസ് മുതൽ ഇത്തരം കുട്ടികളെ കണ്ടെത്താനുള്ള നടപടി സ്വീകരിക്കാൻ, അതിനെ സംബന്ധിച്ച് ഒരു പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: ഇപ്പോൾത്തന്നെ സെന്റർ ഫോർ എക്സലൻസിൽ ഒരു ബാച്ചിൽ 60 കുട്ടികളാണെങ്കിൽപ്പോലും രണ്ട് ബാച്ചുകളിലായി 72 കുട്ടികളെയാണ് കിട്ടിയത്. ഇതിന് പറ്റിയ കുട്ടികൾ ഉണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതു കണ്ടുകൊണ്ട് കഴിഞ്ഞ വർഷം മുതൽ ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. . ഇവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഏറ്റവും കൂടുതൽ വാദിച്ച അയ്യൻകാളിയുടെ പേരിൽ അയ്യൻകാളി ടാലന്റ് സർച്ച് സ്കീം എന്ന ഒരു സ്കീം കഴിഞ്ഞ വർഷം. അവസാനം ആരംഭിച്ചിട്ടുണ്ട്. അതായത് അഞ്ചാം ക്ലാസ്സിലേയും ഏഴാം ക്ലാസ്സിലേയും പ്രഗല്ഭരായ വിദ്യാർത്ഥികളെ കണ്ടെത്തി-സാമ്പത്തിക പരാധീനത ഉണ്ടെങ്കിൽപ്പോലും-അവർക്ക് നോട്ട് ബുക്കിനും മറ്റും വേണ്ടി മാസം 150 രൂപയോളം വരുന്ന ഒരു പാക്കേജ് ആരംഭിച്ചിട്ടുണ്ട് ഈ വർഷം അതിനുവേണ്ടി 75 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മത്സര ശേഷി വർദ്ധിപ്പിക്കാൻ തിരുവനന്തപുരത്ത് ഒരു ഐ.എ.എസ്. കോച്ചിംഗ് സെന്റർ ഉണ്ടെന്നും അതിൽനിന്ന് ഒരാൾ മാത്രമാണ് വിജയിച്ചതെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇതിൽ ഉദ്ദേശിച്ച പോലെ ആവശ്യത്തിന് വിദ്യാർത്ഥികളെ ചേർത്ത് പഠിപ്പിക്കുന്നതിനും, പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ട അദ്ധ്യാപകരിൽ ചിലരെങ്കിലും കാലാകാലങ്ങളിൽ സമ്മർദ്ദം ചെലുത്തി തിരുവനന്തപുരത്ത് ജോലി ചെയ്യാൻ വരുന്നവരുമാണ്. വിദ്യാർത്ഥികൾക്ക് പഠിക്കാൻ ഹോസ്റ്റൽ നിർമ്മാണത്തിന് വർഷങ്ങൾക്കുമുമ്പേ ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടെങ്കിലും അത് ഉപയോഗിക്കാതിരിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയും ഐ.എ.എസ്. കോച്ചിംഗ് സെന്റർ എന്തുകൊണ്ടും മികച്ചതാക്കാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ: സർ, കോച്ചിംഗ് സെന്ററിലെ പ്രിൻസിപ്പാളിനെ വയ്ക്കുന്നത് ഗവൺമെന്റ് പേപ്പറിൽ പരസ്യം ചെയ്ത് വരുന്ന ആളുകളെ ഇന്റർവ്യൂ നടത്തി റേറ്റിംഗ് അനുസരിച്ചാണ്. ഇപ്പോൾ അങ്ങനെയാണ് ചെയ്തിരിക്കുന്നത്. എട്ട്/പത്ത് അദ്ധ്യാപകർ വന്നിരുന്നു, അതിൽ നിന്ന് ഇന്റർവ്യൂ നടത്തി ഏറ്റവും പ്രഗൽഭരെയാണ് കണ്ടെത്തുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചപോലെ അടുത്തകാലം വരെ വഴുതയ്ക്കാടുള്ള ഒരു കുടുസ് മുറിയിലാണ് ഈ സെന്റർ നടന്നിരുന്നത്. ഞാൻ വന്നതിനുശേഷമാണ് സർക്കാർ ഓഫീസിൽ മാറ്റിയിരിക്കുന്നത്. താമസിയാതെ ഈ വർഷം മണ്ണന്തലയിൽ ഒരു അംബേദ്കർ ഭവൻ കോംപ്ലക്സ് ആരംഭിക്കാൻ പോവുകയാണ്. ബഡ്ജറ്റിൽ പൈസയുണ്ട്. അംബേദ്കർ ഭവൻ കോംപ്ലക്സിൽ സ്വന്തമായ ഒരു കെട്ടിടത്തോടുകൂടി ഐ.എ.എസ്. കോച്ചിംഗ് സെന്ററിന്റെ പണി ഈ വർഷം ആരംഭിക്കും.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കമ്പ്യൂട്ടർ കോഴ്സിൽ നടന്ന അഴിമതിയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം അങ്ങ് തന്നെ സമ്മതിച്ചിട്ടുള്ളതാണ്. അതിനെക്കുറിച്ച് പരാതി ഉയർന്നുവന്നിട്ടുണ്ട്. വലിയ തിരിമറി ഉദ്യോഗസ്ഥർ നടത്തിയതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്വേഷിക്കാൻ വേണ്ടി പട്ടികജാതി വികസന വകുപ്പിലെ എഫ്.ഒ.-യെ തന്നെയാണ് അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കുന്നു. ആ വ്യക്തിയെ സംബന്ധിച്ച് ഒരുപാട് പരാതിയും ഉയർന്നു വന്നിട്ടുള്ളതാണ്. ഇതിനെ സംബന്ധിച്ച് എന്താണ് അങ്ങയുടെ നിലപാട് എന്ന് വ്യക്തമാക്കുമോ?

ഡോ. എം.എ. കുട്ടപ്പൻ: സർ, കിട്ടിയ പരാതി എന്നുപറയുന്നത് ഇ.റ്റി. ആന്റ് റ്റി. എന്നുപറയുന്ന കോഴ്സ് നടത്തുന്ന സ്ഥാപനം ഇന്ത്യാ ഗവൺമെന്റ് അടച്ചുപൂട്ടിയതാണെന്നും അതിന്റെ സർട്ടിഫിക്കറ്റിന് വിലയില്ല എന്നുമുള്ളതാണ്. അത് അന്വേഷിക്കാൻ ഏല്പിച്ചിരിക്കുന്നത് എഫ്. ഒ.-യെ അല്ല, വകുപ്പ് സെക്രട്ടറിയെയാണ്.

ശ്രീമതി രാധാ രാഘവൻ: സർ, മത്സര പരീക്ഷ കഴിഞ്ഞതിനുശേഷമാണല്ലോ കുട്ടികളെ അഡ്മിഷനായിട്ട് എടുക്കുന്നത്. ഇതിൽ മിക്ക ബഹുമാനപ്പെട്ട മെമ്പർമാരും വകുപ്പുമന്ത്രിയും മറുപടി പറഞ്ഞിട്ടുണ്ട്. പക്ഷേ എം.ആർ.എസ്. പോലെയുള്ള മാനന്തവാടിയിലെ അംബേദ്കർ സ്കൂളിലും പൂക്കോട് സ്കൂളിലും അതുപോലെത്തന്നെ തിരുവനന്തപുരത്തെ കട്ടേല സ്കൂളിലും എല്ലാം അഡ്മിഷന് കുട്ടികൾ പോകുമ്പോൾ അവരെ എടുക്കാത്ത ഒരു പരിതസ്ഥിതിയാണ് ഉണ്ടാകുന്നത്. കാരണം അവിടെ എടുക്കുന്നത് കാട്ടുനായ്ക്കരെയും അടിയാകുട്ടികളെയും പണിയാകുട്ടികളെയും ആണ്. കുറിച്ച്യാർ കുട്ടികളെയും ഞങ്ങളുടെ സമുദായത്തിലുള്ള കുട്ടികളെയും എടുക്കാൻ താല്പര്യം കാണിക്കുന്നില്ല. അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം.

ഡോ. എം.എ. കുട്ടപ്പൻ: ഈ പറയുന്ന സ്കൂളുകളിൽ അഡ്മിഷൻ രണ്ട് തരത്തിലാണ്. ഒന്ന്, ഇതിൽ ടെസ്റ്റ് നടത്തുന്നുണ്ട്. രണ്ട്, ഇൻകം ലിമിറ്റും വച്ചിട്ടുണ്ട്. പക്ഷേ പ്രിമിറ്റീവ് ട്രൈബ്സിന് നേരത്തെ പറഞ്ഞ അടിയാ-പണിയാ കുട്ടികൾക്ക് ഇൻകം ലിമിറ്റ് ബാധകമല്ല. പ്രിമിറ്റീവ് ട്രൈബ്സ് അല്ലാത്ത ട്രൈബ്സിന് ഇൻകം ലിമിറ്റ് വച്ചിട്ടുണ്ട്. കരണം ലിമിറ്റഡ് സീറ്റേ ഉള്ളൂ. അതുകൊണ്ട് ഇൻകം സീലിംഗ് ബാധകമാക്കിയിട്ടുണ്ട്. ടെസ്റ്റുമുണ്ട്. അങ്ങനെയാണ് എടുത്തുകൊണ്ടിരിക്കുന്നത്. ഉദാഹരണം പറയട്ടെ, ബാങ്ക് ഉദ്യോഗസ്ഥൻമാരുടെ മക്കൾക്ക് വരുമാനം കൂടുതലുള്ളതുകൊണ്ട് കിട്ടാതെ പോകാറുണ്ട്. ലിമിറ്റഡ് സീറ്റുള്ളതുകൊണ്ടാണ് ടെസ്റ്റ് വയ്ക്കുന്നതും വരുമാന പരിധി ബാധകമാക്കിയിരിക്കുന്നതും. നേരെമറിച്ച് പ്രിമിറ്റീവ് ട്രൈബ്സായ 5 ട്രൈബ്സുണ്ട്. അവർക്ക് ഇത് ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: That means you are denying a chance for the tribes. അത് ശരിയല്ലല്ലോ. ട്രൈബ്സിൽതന്നെ ഒരു വിഭാഗത്തിനെ ഒഴിവാക്കുന്നത് ശരിയാണോ?

ഡോ. എം. എ. കുട്ടപ്പൻ: അത് പരിശോധിക്കാം.

ശ്രീ. വി. ചെന്താമരാക്ഷൻ: എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം വർദ്ധിപ്പിക്കുന്നതിന് അങ്ങേക്കുള്ള താല്പര്യത്തെ ഞാൻ അഭിനന്ദിക്കുന്നു. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന രാജീവ്ഗാന്ധി പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ വന്നപ്പോൾ ആദിവാസി സമൂഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് മലയാളത്തിലാണ് പ്രസംഗിച്ചത്. എന്നാൽ അങ്ങ് ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളോട് ഷെല്ലിയുടേയും കീറ്റ്സിന്റേയും കവിതകൾ ഉദ്ധരിച്ചത് അവരെ ഇംഗ്ലീഷ് ബോധവൽക്കരിക്കാൻ വേണ്ടിയായിരിക്കും. എന്റെ ചോദ്യം, സംസ്ഥാനത്തെ മെഡിക്കൽ, എഞ്ചിനീയറിംഗ്, ആയുർവേദ, ഹോമിയോ, അഗ്രികൾച്ചറൽ, വെറ്ററിനറി കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.റ്റി.ഐ., ബി.ബി.എ., എം.ബി.എ. കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പുസ്തകങ്ങൾ വാങ്ങിക്കാനും പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള അലമാര വാങ്ങിക്കാനും കേന്ദ്രസഹായത്തോടെ.....

മി. സ്പീക്കർ: ഈ ചോദ്യത്തിന്റെ പരിധിയിൽ വരുമോ?

ശ്രീ. വി. ചെന്താമരാക്ഷൻ: ഇതിൽപ്പെട്ടതാണ്. ഇതിൽ ഉൾപ്പെടും.

മി. സ്പീക്കർ: ഇതിൽ എങ്ങനെ വരും?

ശ്രീ. വി. ചെന്താമരാക്ഷൻ: കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള അലമാര വാങ്ങിക്കാനാണ് പദ്ധതി. 60 ലക്ഷം രൂപ അനുവദിച്ചതിൽ 41 ലക്ഷം രൂപയേ ചെലവഴിച്ചിട്ടുള്ളൂ. 19 ലക്ഷം രൂപ 2002-03 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടില്ല. അങ്ങയുടെ ശ്രദ്ധയിൽ ഈ വിഷയം പെട്ടിട്ടുണ്ടോ; പെട്ടിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: പ്രൊഫഷണൽ കോഴ്സുകൾക്ക് വേണ്ടി ഒരു ബുക്ക് ബാങ്ക് സ്കീമുണ്ട്. അതിൽ മുഴുവൻ തുകയും ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. എന്തുകൊണ്ടാണ് അത് പൂർണ്ണമായും ചെലവാക്കാത്തത് എന്ന് അന്വേഷിച്ച് പറയാം.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളുടെ പരീക്ഷ എഴുതാനുള്ള ശേഷി വർദ്ധിപ്പിക്കുന്ന ഈ പുതിയ തന്ത്രം എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ട്; എത്രമാത്രം ഫലം കിട്ടിയിട്ടുണ്ട് എന്ന ഒരു അസെസ്മെന്റ് നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകേണ്ടതാണ്. ഒരുപാട് പണം ചെലവഴിക്കുന്നുണ്ട്. എറിയുന്നതൊന്നും ഉന്നത്തിൽ കൊള്ളുന്നില്ല എന്നൊരു അനുഭവമാണ് ഈ രാജ്യത്തുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായി ഇതിൽ താല്പര്യമെടുത്ത് ഇതുകൊണ്ട് എന്ത് പ്രയോജനം എത്ര ശതമാനം കുട്ടികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ട് ഞങ്ങളെ ഒന്ന് അറിയിച്ചാൽ നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ: സെന്റർ ഫോർ എക്സലൻസിന്റെ കാര്യത്തിലാണെങ്കിൽ 3 വർഷം കൂടുമ്പോൾ ഇവാല്യൂവേറ്റ് ചെയ്യണമെന്നാണ് എഴുതിവച്ചിരിക്കുന്നത്. എങ്കിൽപ്പോലും ഞാൻ പറയട്ടെ, ഇപ്പോൾ പരിശോധിച്ചപ്പോൾ ഒന്നാം ബാച്ചിൽ പഠനം പൂർത്തിയാക്കിയവരിൽ 5 പേർക്ക് ഐ.ഐ.എം. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടിയിട്ടുണ്ട്. 9 പേർക്ക് സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി കിട്ടിയിട്ടുണ്ട്. രണ്ടാമത്തെ ബാച്ചിൽ ഒരാൾക്ക് എം.ബി.എ.-യ്ക്ക് അഡ്മിഷൻ കിട്ടി. ഒരാൾക്ക് ഒരു സ്വകാര്യ കമ്പനിയിൽ കെമിക്കൽ വിഭാഗത്തിൽ ജോലി കിട്ടി. കുറേ പേർക്ക് ജോലി കൊടുക്കുന്നുണ്ട്. കുറേ പേർക്ക് കൊടുക്കാൻ സാദ്ധ്യത ഉണ്ടാക്കുന്നുണ്ട്.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിന് വേണ്ടി ധാരാളം പദ്ധതികളുണ്ട്. ഇതിലേക്ക് എത്ര കാശ് ചെലവഴിച്ചുവെന്ന് ഒരു അക്കാഡമിക് ഇയറിന്റെ അവസാനഘട്ടമായ ഫെബ്രുവരി മാസത്തിൽ ചോദിച്ചാൽ പോലും ഡി.ഡി.സി.ഇ.-യിൽ നിന്ന് ലഭിക്കുന്ന ഉത്തരം 10 ശതമാനമാണ്, 20 ശതമാനമാണ് എന്നാണ്. അടുത്ത മാസം ചോദിച്ചാൽ പറയും, മുഴുവൻ ചെലവഴിച്ചുവെന്ന്. ഇതൊരു ആരോഗ്യപരമായ പ്രവണതയല്ല. ഇത് മാറ്റിയെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇപ്പോൾ കണക്കെടുത്തിട്ടില്ല. കൃത്യമായി പറയാനാവില്ല. എങ്കിലും കഴിഞ്ഞ വർഷം എസ്.സി. ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ചിടത്തോളം 98 ശതമാനം എക്സ്പെന്റിച്ചർ ഉണ്ടായി. സർവ്വകാല റിക്കാർഡാണിത്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടെ ഐ.എ.എസ്. കോച്ചിംഗ് ക്യാമ്പിൽ നിന്ന് പരിശീലനം ലഭിച്ചവരിൽ ഒരാളാണ് സെലക്ട് ചെയ്യപ്പെട്ടതെന്ന് പറഞ്ഞു. ഇപ്പോൾ കേരളം മുഴുവൻ മെഡിക്കൽ എൻട്രൻസ് എക്സാമിനേഷനുവേണ്ടി ധാരാളം പരിശീലന കേന്ദ്രങ്ങളുണ്ട്. തൃശ്ശൂർ പോലുള്ള സ്ഥലത്ത് സാമ്പത്തികശേഷി ഉള്ളവർക്ക് പോയി പഠിക്കാൻ അവസരമുണ്ട്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം ഈ മെഡിക്കൽ എൻട്രൻസിന് വേണ്ടി എത്ര പേർ മെറിറ്റിൽ വന്നു. റിസർവേഷൻ മറ്റുള്ളവർക്ക്കൂടി കിട്ടുന്ന സൗഭാഗ്യം ഉണ്ടാക്കുന്നതിന് വേണ്ടി ഒരു പ്രത്യേകമായ കോച്ചിംഗ് സെന്റർ നടത്തുമോ? നടത്തുന്നുവെങ്കിൽ എത്ര പേർക്ക് വിജയിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് പറയാൻ ദയവുണ്ടാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: ഇക്കാര്യം സർക്കാരിന്റെ ഗൗരവപരിഗണനയിലാണ്. പ്രൊഫഷണൽ കോഴ്സുകൾക്ക്, പ്രത്യേകിച്ച് മെഡിക്കൽ, എഞ്ചിനീയറിംഗിന് വേണ്ടിയുള്ള എൻട്രൻസ് കോച്ചിംഗിന് വേണ്ടി ഒരു പ്രത്യേക പരിപാടിക്കായി ഒരു ജി.ഒ. ഇറക്കിയെങ്കിലും പ്രായോഗിക രംഗത്തെ അല്പം ബുദ്ധിമുട്ട് കാരണം സാധിച്ചില്ല. 3 മാസത്തെ പരിശീലനമാണ് വേണ്ടത്. കഴിഞ്ഞ വർഷം ഇറക്കിയ ഓർഡർ റിവൈസ് ചെയ്ത് ഈ വർഷം ഓർഡർ ഇറക്കും. എന്തായാലും മെഡിക്കൽ/എഞ്ചിനീയറിംഗിന് പ്രത്യേകമായ എൻട്രൻസ് കോച്ചിംഗ് കൊടുക്കാനുള്ള സ്കീം ഈ വകുപ്പിൽ നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ 60 പേർക്ക് പരിശീലന സൗകര്യം ഉണ്ടായിട്ടും 24 പേരെ ഈ വർഷം പരിശീലനത്തിന് എത്തിയിട്ടുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കഴിഞ്ഞ വർഷം അത് 30 ആയിരുന്നു. ഇടുക്കി ജില്ലയിലെ തമിഴ് മാദ്ധ്യമത്തിൽ പ്രവർത്തിക്കുന്ന റസിഡൻഷ്യൽ സ്കൂൾ, കതിരിൻമേൽ വളം വെയ്ക്കാതെ പബ്ലിക് സ്കൂൾ ആരംഭിച്ച് താഴെത്തട്ടിൽ നിന്ന് പരിശീലനം കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: ഞാൻ സൂചിപ്പിച്ചു, നമ്മുടെ സാധാരണ സ്കൂളുകളിലാണെങ്കിൽ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കീമുണ്ട്. അതുകൂടാതെ ഡിപ്പാർട്ടുമെന്റിനുവേണ്ടി 25 സ്പെഷ്യൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചിട്ടുണ്ട്. താഴെത്തട്ടിൽ നിന്ന് തന്നെ നല്ല വിദ്യാർത്ഥികൾ വളർന്നുവരാനുള്ള ശ്രമങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. റിസൽട്ട് കിട്ടാൻ അല്പം സമയമെടുക്കുമെന്നേയുള്ളൂ.

ശ്രീ. പി. സി. ജോർജ്ജ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്ന് ഞാൻ മനസ്സിലാക്കിയത് ഇത്രയേറെ പണം ലാപ്സാക്കിയ ഒരു വകുപ്പ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം പോലും ലാപ്സാക്കി.....120 വിദ്യാർത്ഥികളെ വേണ്ടിടത്ത് 74 കുട്ടികളെയുള്ളൂ. അത് തന്നെ ശരിയല്ലല്ലോ. ശേഷി വർദ്ധിപ്പിക്കാനുള്ള ടെസ്റ്റാകുമ്പോൾ ശേഷി.....

മി. സ്പീക്കർ: Put the question.

ശ്രീ. പി. സി. ജോർജ്ജ്: സർ, ഞാൻ പറയുന്നത്, കുറ്റകരമായ അനാസ്ഥയാണ് ഈ വകുപ്പിൽ.....

മി. സ്പീക്കർ: Put the question, അതൊക്കെ ഇരിക്കട്ടെ, അതൊക്കെ പ്രസംഗത്തിൽ കുറ്റപ്പെടുത്താം. Now you put the question.

ശ്രീ. പി. സി. ജോർജ്ജ്: സർ, തടനാടുള്ള എം.ആർ.എസ്. സ്ഥലം എടുക്കുന്നതിന് കളക്ടറുടെ വാലുവേഷൻ നടത്താതെ ഡിപ്പാർട്ടുമെന്റുതന്നെ ആ നാട്ടിലുള്ള മാർക്കറ്റ് റേറ്റിൽ വസ്തു എടുത്താൽ സ്ഥലമെടുക്കാൻ കഴിയും. ടൗണിൽ സ്ഥലം വേണമെങ്കിൽ ടൗണിലെ വില കൊടുക്കണം. അങ്ങനെ വിലകൊടുക്കാനുള്ള നടപടി സ്വീകരിച്ച് എം.ആർ.എസ്.-ന് കെട്ടിടം പണിയാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, പിണ്ണക്കാട്ടിലെ കാര്യമാണെന്നുണ്ടെങ്കിൽ അത് കളക്ടറാണ് വാല്യു ചെയ്ത് എടുക്കേണ്ടത്. നേരിട്ട് ഗവൺമെന്റല്ല ചെയ്യുന്നത്. പക്ഷേ കളക്ടറുടെ പരിശോധനയിൽ അത് വിലയുള്ള ഭൂമിയാണെന്ന് കണ്ടെത്തി. അത് കൂടാതെ വെള്ളത്തിന്റെ അസൗകര്യം കണ്ടെത്തി. എല്ലാ വശവും പരിശോധിച്ചേ അത് വാങ്ങാൻ പറ്റുകയുള്ളൂ. അത് ചെയ്യുന്നത് കളക്ടറാണ്. ഗവൺമെന്റല്ല ചെയ്യുന്നത്.

ശ്രീ. എം. എ. വാഹീദ്: സർ, പരിശീലന കേന്ദ്രങ്ങൾ എല്ലാം സ്ഥിതി ചെയ്യുന്നത് മിക്കവാറും നഗരപ്രദേശങ്ങളിലാണ്. നിലവാരത്തകർച്ച വന്നിട്ടുള്ളത് പലതും ഗ്രാമപ്രദേശങ്ങളിലുള്ളതിനാണ്. ആ രീതിയിൽ പത്താംക്ലാസിലേയും പന്ത്രണ്ടാം ക്ലാസിലെയും നിലവാരം ഉയർത്തുന്നതിനുവേണ്ടി ഗ്രാമപ്രദേശങ്ങളിൽ, ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിലെ ആയിരക്കണക്കിന് ഏക്കർ സ്ഥലം സ്ഥിതി ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

തോന്നയ്ക്കൽ വേങ്ങോട് പട്ടികജാതി കോളനി പോലുള്ള സ്ഥലങ്ങളിൽ ഇങ്ങനെയുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചാൽ കൂടുതൽ മെച്ചപ്പെട്ട റിസൽട്ട് ഉണ്ടാക്കാൻ കഴിയും. നഗരങ്ങളിൽ എന്നെയും മന്ത്രിയേയും പോലുള്ള സമ്പന്നരായിട്ടുള്ള പിന്നോക്കക്കാരാണ് പോകുന്നത്. പാവപ്പെട്ടവനും അവർണ്ണനുമായ പിന്നോക്കക്കാരൻ പോകുന്നത് ഗ്രാമപ്രദേശങ്ങളിലാണ്. അതുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ ഇത്തരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ? വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുകയില്ല.

ഡോ. എം. എ. കുട്ടപ്പൻ: സർ, ആഴ്ചയിൽ ഒരു നേരം മാത്രം ചോറ് കഴിച്ചിരുന്ന, മൂന്ന് നേരം പോയിട്ട് ഒരു നേരം പോലും കഴിക്കാൻ ശേഷിയില്ലാതിരുന്ന ഒരു ഭൂതകാലം എനിക്ക് ഉണ്ടായിരുന്നു എന്ന കാര്യം മറക്കേണ്ടതില്ല. ഇന്ന് എനിക്ക് ഒരു ബുദ്ധിമുട്ടുമില്ല. എല്ലാ ദുരിതവും കഷ്ടപ്പാടും പേറി ഒരു പട്ടിക്കാട്ടിൽ ജനിച്ചുവന്നയാളാണ് ഞാൻ. എനിക്ക് പൂർവ്വകാലം മറക്കാനാവുകയില്ല. അതുകൊണ്ട് മന്ത്രിയെപ്പോലെ പണക്കാർ എന്ന് പറഞ്ഞതിനകത്ത് ഒരു ദുഃസൂചനയുണ്ട്. ഞാൻ സമ്മതിക്കുന്നു. ഇപ്പോൾ നമ്മുടെ പരിശീലനകേന്ദ്രങ്ങൾ മിക്കവാറുമൊക്കെ പട്ടണങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഐ.ടി.സി.-കളൊക്കെ ഗ്രാമങ്ങളിലാണ്. എങ്കിലും ഈ കാര്യംകൂടി പരിശോധിച്ച് നോക്കാം. പൊതുവായിട്ട് പട്ടണങ്ങളിലാണ്.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: സർ, ട്രൈബൽ ഹോസ്റ്റലുകളുടെയും പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെയും നിയന്ത്രണം ബ്ലോക്കുകൾക്കും പഞ്ചായത്തുകൾക്കും നൽകിയെന്നു മന്ത്രി പറഞ്ഞു. അത് തെറ്റാണ്. കേരളത്തിലെ പ്രസ്തുത അധികാരങ്ങൾ പ്രസ്തുത ഡിപ്പാർട്ടുമെന്റുകളെ ഏല്പിച്ച് നേരിട്ട് ഇൻസ്പെക്ഷനുകൾ നടത്തിക്കൊണ്ട് ഹോസ്റ്റലുകളിൽ മിന്നൽ പരിശോധന നടത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, പഞ്ചായത്ത് നിയമപ്രകാരം പട്ടികജാതി വകുപ്പിന്റെ കീഴിൽ ഉണ്ടായിരുന്ന മുഴുവൻ പ്രീമെട്രിക് ഹോസ്റ്റലുകളും ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ കീഴിലാണ്. പട്ടികവർഗ്ഗ പ്രീമെട്രിക് ഹോസ്റ്റലുകൾ ഇപ്പോഴും വകുപ്പിന്റെ കീഴിലാണ്. ആ സത്യമാണ് ഞാൻ പറയുന്നത്. ഹോസ്റ്റലിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിക്കാൻ ബുദ്ധിമുട്ടില്ല. പക്ഷേ അതിന് പഞ്ചായത്താണ് മുൻകൈ എടുക്കേണ്ടത്. നമ്മുടെ ജോലി ഡിപ്പാർട്ടുമെന്റിന് പൈസ കൊടുക്കുന്നതല്ലാതെ നേരിട്ട് നിയന്ത്രണമില്ല. ഉദ്യോഗസ്ഥൻമാരുടെ നിയന്ത്രണം മാത്രമേ നമുക്കുള്ളൂ. ഹോസ്റ്റൽ നടത്തിപ്പ് പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്തുകൾക്കാണ്.

ശ്രീ. പി. ജയരാജൻ: സർ, ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം സർവ്വീസിലും മറ്റും അർഹമായ പ്രാതിനിധ്യമില്ലാത്ത വിഭാഗത്തിൽപ്പെട്ടവരാണ് മുസ്ലീങ്ങളും പട്ടികവർഗ്ഗക്കാരും. പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് പദ്ധതികൾ നടത്തുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തതുപ്രകാരം സിവിൽ സർവ്വീസ് പരിശീലന കേന്ദ്രത്തിനുള്ള ചെലവിൽ, ഗ്രാന്റിൽ കഴിഞ്ഞ 5 വർഷക്കാലത്തെ കണക്കുകൾ പരിശോധിച്ചുകഴിഞ്ഞാൽ 2001-2002 വരെ വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. 2002-2003-ൽ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: No, No..... Put the question പ്രസംഗത്തിനുള്ള അവസരമല്ല ശ്രീ. ജയരാജൻ, please put the question.

ശ്രീ. പി. ജയരാജൻ: സർ, ചോദ്യം ഇതാണ്. 2002-2003-ൽ 100 ലക്ഷം രൂപ വകയിരുത്തിയതിൽ 52 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 48 ലക്ഷം രൂപ ലാപ്സാക്കിയിരിക്കുകയാണ്. ഇത് ഈ ഗവൺമെന്റിന്റെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള അങ്ങേയറ്റത്തെ നിരുത്തരവാദ പരമായിട്ടുള്ള സമീപനമാണെന്നാണ് വ്യക്തമാക്കുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് വിശദീകരണം നൽകാനുള്ളത്.

ഡോ. എം. എ. കുട്ടപ്പൻ: സർ, ഐ.എ.എസ്. കോച്ചിംഗ് സെന്ററുകളിലേക്ക് കുട്ടികളെ കിട്ടാറില്ല. എത്ര കുട്ടികളെയാണ് ഉദ്ദേശിക്കുന്നത് അത്രയും ഫണ്ട് വയ്ക്കണം. പക്ഷേ സെലക്ഷനാകുമ്പോൾ കിട്ടാറില്ല. അതുകൊണ്ടാണ് ഈ പറയുന്ന ബഡ്ജറ്റിൽ ഇത്രയും തുക ചെലവാകാതെ പോകുന്നത്. ആവശ്യമില്ലാതെ പണം ചെലവാക്കിക്കളയാൻ പറ്റില്ലല്ലോ.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്ന ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ വളരെ ഇന്റീരിയറായിട്ടുള്ള സ്ഥലങ്ങളിൽ പുതുതായി ആരംഭിച്ച പ്രൊഫഷണൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പഠിക്കാൻ ഹോസ്റ്റലുകളില്ല എന്നുള്ളതുകൊണ്ട് അവർക്ക് ഭക്ഷണത്തിനും താമസത്തിനുമുള്ള സംഖ്യ ലഭിക്കാൻ പ്രയാസമാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇതൊരു വിഷയമാണ്. നമ്മുടെ ഉൾനാടൻ പ്രദേശങ്ങളിലാണ് ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചിരിക്കുന്നത്. പക്ഷേ നിലവിലുള്ള സംവിധാനം വച്ചുകൊണ്ട് സർക്കാർ അംഗീകരിച്ച ഹോസ്റ്റലിൽ മാത്രമേ കുട്ടികളെ പാർപ്പിക്കാൻ കഴിയുകയുള്ളൂ. അങ്ങനെയുള്ള ഹോസ്റ്റലാണെങ്കിൽ അവിടെ മുഴുവൻ ഫെസിലിറ്റീസും കൊടുക്കും. ഇപ്പോഴത്തെ സംവിധാനം അനുസരിച്ച് 8 കിലോമീറ്ററിനകത്ത് പാർക്കുന്ന കുട്ടികൾക്ക് പ്രതിമാസം 275 രൂപ സ്റ്റൈപ്പെന്റും 8 കിലോമീറ്ററിനു പുറത്ത്, കുട്ടികൾക്ക് 330 രൂപയും സ്റ്റൈപ്പെന്റ് കൊടുക്കുകയാണ്. അതിനുള്ള സംവിധാനമേ ഇപ്പോഴുള്ളൂ. അംഗീകാരമുള്ള ഹോസ്റ്റലായാൽ എല്ലാ ചെലവും വഹിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എം. കുമാരൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിജ്ഞാപനപ്രകാരം കാസർഗോഡ് ജില്ലയിലെ മറാട്ടി സമുദായത്തെ പട്ടിക വിഭാഗത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. എന്നാൽ ഈ സമുദായത്തിലെ കുട്ടികൾ പട്ടികവർഗ്ഗ വകുപ്പ് നടത്തുന്ന വിവിധ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നുണ്ട്. ആ പഠനം നടത്തുന്ന കുട്ടികൾക്ക് അവരുടെ കാലാവധി പൂർത്തിയാക്കുന്നതിനുവേണ്ടി, അവരുടെ കോഴ്സ് പൂർത്തീകരിക്കുന്നതിനുവേണ്ടി, അതോടൊപ്പംതന്നെ ആ കാലഘട്ടത്തിലെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുവേണ്ടിയും ഈ ഗവൺമെന്റ് ഒരു പ്രത്യേക ഓർഡർ ഇറക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ: സർ, ജനുവരിമാസം കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം മലബാറിലെ മറാട്ടി, എസ്.സി./എസ്.ടി.-യിൽ നിന്ന് ഒഴിവാക്ക പ്പെട്ടിട്ടുണ്ട്. അതുകൊണ്ട് മറാട്ടിയുടെ പേരിൽ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് തുടർന്നും ആനുകൂല്യങ്ങൾ കൊടുക്കുമോ ഇല്ലയോ എന്നുള്ളതു സംബന്ധിച്ച് എനിക്ക് വ്യക്തമായിട്ട് പറയുവാൻ കഴിയില്ല. അത് ലാ ഡിപ്പാർട്ടുമെന്റാണ് മറുപടി പറയേണ്ടത്. യഥാർത്ഥത്തിൽ അത് ചെയ്യേണ്ടതാണ്; സംശയമില്ല. പക്ഷേ നിയമപ്രകാരം അവർ പട്ടികവർഗ്ഗമല്ലാതായിക്കഴിഞ്ഞാൽ കൊടുക്കാൻ പറ്റുമോ ഇല്ലയോ എന്നുള്ള വിഷയം നിയമവകുപ്പാണ് പറയേണ്ടതുള്ളത്. ഞാൻ ആലോചിക്കാം. പെട്ടെന്ന് മറുപടി പറയാനൊക്കുകയില്ല. നിയമപ്രകാരം നോക്കേണ്ടുന്ന കാര്യങ്ങളാണ്. ഒരു കാര്യം കൂടി പറയട്ടെ ബഹുമാനപ്പെട്ട അംഗം ഈ നിയമസഭയിൽ ഇലക്ട് ചെയ്യപ്പെട്ടത് പട്ടികജാതിക്കാരനായിട്ടാണ്. പക്ഷേ ഈ വിജ്ഞാപനം വന്നതോടുകൂടി ബഹുമാനപ്പെട്ട അംഗം ഇപ്പോൾ പട്ടികവർഗ്ഗമായിരിക്കുകയാണ്. രണ്ട് എം.എൽ.എ.-മാർ ഇപ്പോൾ ഈ സഭയിലുണ്ട്.

ശ്രീ. കെ. കെ. ഷാജു: സർ, കുട്ടികളുടെ മൽസരശേഷി വർദ്ധിപ്പിക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികളാണ് ചോദ്യം. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പെന്റ്, ട്യൂഷൻ ഫീസ് ഇവ സ്കൂൾ വർഷം ആരംഭിച്ചിട്ട് ഒന്നരമാസം കഴിഞ്ഞു ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ ജൂലായ് മാസം തന്നെ കുട്ടികളുടെ ലംപ്സംഗ്രാന്റും സ്റ്റൈപ്പെന്റും കൃത്യമായി കൊടുക്കുമെന്ന് അങ്ങേക്ക് പ്രഖ്യാപിക്കാൻ കഴിയുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഈ ചോദ്യം നന്നായി. ഇപ്പോൾ ജൂൺ ആരംഭിക്കുമ്പോൾ ഏതാണ്ട് സ്കൂളുകളിൽ ആറ് ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് വേണം. സ്റ്റൈപ്പെന്റ് കൊടുക്കണം. പ്രീമെട്രിക് ഹോസ്റ്റൽ ഉണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുണ്ട്. 25 എം.ആർ.എസ്. ഉണ്ട്. ഇപ്പോഴത്തെ സംവിധാനം വച്ചുകൊണ്ട് ഓരോ മാസവും നമ്മൾ മന്തിലി സീനിയോറിറ്റി കൊടുക്കും. പക്ഷേ ധനകാര്യ വകുപ്പിൽനിന്ന് മന്തിലി സീലിംഗ് യഥാസമയം കിട്ടുന്നില്ല. വകുപ്പിന്റെ കുഴപ്പമല്ല. ഒരുപക്ഷേ ഖജനാവിൽ പൈസ ഇല്ലാത്തതുകൊണ്ട് കിട്ടുന്നില്ല. എങ്കിലും പറയട്ടെ വളരെ ബുദ്ധിമുട്ടുണ്ടായി. ഈ കഴിഞ്ഞ രണ്ടാംതീയതി ധനകാര്യ വകുപ്പിൽ നിന്ന് പട്ടികജാതി വകുപ്പിനുവേണ്ടി ഏതാണ്ട് 30 കോടി രൂപയുടെ മന്തിലി സീലിംഗ് കിട്ടി. അതിനുശേഷം പത്താംതീയതി ബിൽ ട്രഷറിയിൽ കൊടുത്തപ്പോൾ പൈസ കിട്ടുന്നില്ല. ആ ബുദ്ധിമുട്ടുണ്ട്. ട്രഷറി ബാൻ എന്ന് പറയപ്പെടുന്നു.

ശ്രീ. പി. നാരായണൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾ ജയിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. രാഘവനും ശ്രീ. രാധാകൃഷ്ണനും ഉൾപ്പെടെ ഇത്തരം കുട്ടികളെ പഠിപ്പിക്കുന്ന തിനുവേണ്ടി അവരുടെ പഠനസമയം കഴിയുന്നതുവരെ പ്രത്യേകം കോച്ചിംഗ് സ്കൂളുകളിലും കോളേജുകളിലും കൊടുക്കുമായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രത്യേകിച്ച് ബഹുമാനപ്പെട്ട കുട്ടപ്പൻ മന്ത്രിയായി വന്നതിനുശേഷം ഇത്തരം കോച്ചിംഗുകൾ കൊടുക്കുന്നില്ല എന്നു മാത്രമല്ല, കോച്ചിംഗ് നടക്കുന്നു എന്നുള്ള പേരിൽ ആ തുക അവർ എഴുതി എടുക്കുന്നതായി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ എന്ത് നടപടിയാണ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചത്, ഇല്ലെങ്കിൽ അത് സ്വീകരിക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ: ഈ കാര്യം ചോദിച്ചതു നന്നായി. വർഷങ്ങളായിത്തന്നെ സ്കൂളുകളിൽ ട്യൂഷൻ സമ്പ്രദായം ഉണ്ടായിരുന്നു. ആ ട്യൂഷൻ സമ്പ്രദായപ്രകാരം അദ്ധ്യാപകർ ട്യൂഷനുകൾ കൊടുക്കാതെ പണം എഴുതി വാങ്ങുന്നുവെന്ന് ആക്ഷേപം വ്യാപകമായി ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം ഈ സ്കീം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. അതുകൂടി പരിശോധിച്ചിട്ട് ഈ പണം മേടിക്കുമ്പോൾ ട്യൂഷന്റെ ഗുണഫലം അവർക്ക് കിട്ടി എന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കും.

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കൂളിൽ സ്വകാര്യ ട്യൂഷനുവേണ്ടി പ്രതിമാസം നൂറു രൂപ നൽകുന്നതായി ഞാൻ മനസ്സിലാക്കുന്നു. അത് പട്ടിക വർഗ്ഗത്തിൽപ്പെട്ട വിഭാഗങ്ങൾക്ക് നൽകുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെയെങ്കിൽ അതുകൂടി നൽകാൻ തയ്യാറാകുമോ?

ഡോ. എം.എ. കുട്ടപ്പൻ: പട്ടികജാതിക്കാർക്കുവേണ്ടിയുള്ള സമ്പ്രദായം കഴിഞ്ഞ വർഷം ആരംഭിച്ചതാണ്. പട്ടികജാതിക്കാർക്ക് സ്റ്റൈപ്പെന്റ് ഉണ്ടായിരുന്നില്ല. അത് അയ്യങ്കാളി ടാലന്റ് സെർച്ച് എന്ന പേരിൽ ആരംഭിച്ചതാണ്. അതായത് നന്നായി പഠിക്കുന്ന കുട്ടികൾ, മിടുക്കർ, പക്ഷേ സാമ്പത്തിക പരാധീനതകൊണ്ട് പഠിക്കുവാൻ കഴിയാതെ പോകുന്നു. ഇങ്ങനെയുള്ള കുട്ടികളെ ഉദ്ദേശിച്ചാണ് ഈ സ്കീം ആവിഷ്ക്കരിച്ചത്. എസ്.സി.-ക്ക് മാത്രമല്ല എസ്.ടി.-ക്കും ഉള്ളതാണ്. ഈ വർഷം ഫലപ്രദമായി നടപ്പിലാക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മറാത്തി വിഭാഗത്തിൽപ്പെട്ടവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്ന് മാറ്റിയ പ്രശ്നം ഇവിടെ പറഞ്ഞുകേട്ടു. കാസർകോട് ജില്ലയിലെ മറാത്തി വിഭാഗത്തിൽപ്പെട്ട ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു കോളേജാണ് തലശ്ശേരിയിലെ ഗവൺമെന്റ് ബ്രണ്ണൻ കോളേജ്. അവിടെ ഡിഗ്രിക്കും പോസ്റ്റ്ഗ്രാഡുവേറ്റിനും പഠിക്കുന്ന മറാത്തി വിദ്യാർത്ഥികൾ കഴിഞ്ഞ ദിവസം എന്നെ വന്നുകണ്ടിരുന്നു. അവർക്കിപ്പോൾ ഹോസ്റ്റലിൽ കൊടുക്കുന്ന ആനുകൂല്യം നിറുത്തലാക്കി. അവരുടെ എല്ലാവിധ ആനുകൂല്യവും നിറുത്തലാക്കിയതുകൊണ്ട് അവർക്ക് തുടർന്ന് പഠനം നടത്താൻ സാധിക്കാത്ത സ്ഥിതി വന്നിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കുമാരൻ എസ്.സി. ആയിരുന്നു. കുമാരൻ ഇപ്പോൾ എസ്.ടി.യായി. അപ്പോൾ എം.എൽ.എ. എന്നുള്ള നിലയിൽ അദ്ദേഹത്തിന് ഈ അഞ്ചുകൊല്ലം പരിരക്ഷ കിട്ടും. അദ്ദേഹത്തിന് എം.എൽ.എ.-യായിട്ട് തുടരാം. അതുപോലെ ഡിഗ്രി ക്ലാസിലും പോസ്റ്റ് ഗ്രാഡുവേഷൻ ക്ലാസിലും വന്നുചേരുന്ന സമയത്ത് ആ വിദ്യാർത്ഥികളെല്ലാം പട്ടികവർഗ്ഗ വിദ്യാർത്ഥികളാണ്. ഗവൺമെന്റ് ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനപ്രകാരം അവർ കുറ്റക്കാരല്ല. അതുകൊണ്ട് അവരുടെ കോഴ്സ് കഴിയുന്നതുവരെ അവർക്ക് ആ ആനുകൂല്യം കൊടുക്കുമെന്ന് ഉറപ്പുവരുത്താൻ ഈ ഗവൺമെന്റ് സന്നദ്ധമാകുമോ? മുഖ്യമന്ത്രി ഉൾപ്പെടെ താല്പര്യമെടുത്തുകൊണ്ട് ഒരു സജീവ വിഷയമാണെന്നുകണ്ട്, ദരിദ്രനാരായണൻമാരായ ആ പാവപ്പെട്ട കുട്ടികൾക്ക് ഉപരിവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള സൗകര്യം നിഷേധിക്കരുത്. ഒരു അടിയന്തിര തീരുമാനം ഇന്നുതന്നെ ഗവൺമെന്റ് കൈക്കൊള്ളുമോ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതു സംബന്ധിച്ചുള്ള ശുപാർശകൾ പോയത് ഈ ഗവൺമെന്റിന്റെ കാലത്തല്ല. അങ്ങേയ്ക്കും അറിയാവുന്നതാണ്. പക്ഷേ ആരുടെ കാലത്തായാലും അങ്ങനെയൊരു അപകടം സംഭവിച്ചുപോയി. ഈ ഗവൺമെന്റ് പട്ടികജാതി വിഭാഗത്തെക്കൂടി പഴയപടി ഉൾപ്പെടുത്തണമെന്നുള്ള ശുപാർശ കേന്ദ്ര ഗവൺമെന്റിന് കൊടുത്തു. ക്യാബിനറ്റിന്റെ തീരുമാനം അറിയിച്ചു. ക്യാബിനറ്റിന്റെ തീരുമാനം അറിഞ്ഞാൽ ഭേദഗതി വരുത്താമെന്നാണ് ആദ്യം പറഞ്ഞത്. പക്ഷേ എന്തോ കാരണത്താൽ അത് നീണ്ടുപോയിരിക്കുകയാണ്. ഓർഡിനൻസ് ഇറക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്രഗവൺമെന്റിനോട് ഞങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം തീർച്ചയായിട്ടും ഗവൺമെന്റ് പരിശോധിക്കും. പട്ടികജാതി സമുദായത്തിന് ആനുകൂല്യം കൊടുത്ത സാഹചര്യത്തിൽ തീർച്ചയായിട്ടും ആ പരിഗണന മറാട്ടി വിഭാഗത്തിന് കൊടുക്കുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കും.

വൈദ്യുതി ഉല്പാദിപ്പിക്കുന്ന സ്വകാര്യ സംരംഭങ്ങൾ

2[*555] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ ടി. എൻ. പ്രതാപൻ:
„ കെ. അച്ചുതൻ:
„ വി. ഡി. സതീശൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദിപ്പിക്കുന്ന എത്ര സ്വകാര്യ സംരംഭങ്ങളുണ്ട്;

(ബി) ഇവയുടെ ആകെയുള്ള കപ്പാസിറ്റി എത്രയാണ്;

(സി) ഈ സംരംഭങ്ങളിൽ നിന്നുള്ള വൈദ്യുതി സംസ്ഥാന വൈദ്യുതി ബോർഡ് വിലയ്ക്കുവാങ്ങിയാണോ വിതരണം നടത്തുന്നത്;

(ഡി) എങ്കിൽ എന്തു വിലയ്ക്ക്;

(ഇ) ഈ വൈദ്യുതി എന്തു വിലയ്ക്കാണ് വിൽക്കുന്നത്;

(എഫ്) പ്രസ്തുത സംരംഭങ്ങളിൽ നിന്ന് ആവശ്യക്കാർക്ക് വൈദ്യുതി നേരിട്ട് നൽകുവാൻ അനുവദിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) 4.

(ബി) 210.436 മെഗാവാട്ട്.

(1) കുത്തുങ്കൽ 21 മെഗാവാട്ട്
(2) മണിയാർ 12 മെഗാവാട്ട്
(3) ബി.എസ്.ഇ.എസ്.-കൊച്ചി 157 മെഗാവാട്ട്
(4) കെ.പി.സി.എൽ. കാസർഗോഡ്-20.436 മെഗാവാട്ട് .

ആകെ 210.436 മെഗാവാട്ട്.

LIBRARY ARCHIVES Kerala Legislative Assembly